# മേലാർകോട് ഗ്രാമപഞ്ചായത്ത്

## നെന്മാറ ബ്ലോക്ക് - പാലക്കാട് ജില്ലാ

# പൗരാവകാശ രേഖ 2022



**വത്സല ടി**
പ്രസിഡന്റ്



**മൻസൂർ അലി.ഐ**
വൈസ് പ്രസിഡന്റ്



**വിജയലക്ഷ്മി**
ചെയർപേഴ്സൺ ( വികസനകാര്യ സറ്റാന്റിംഗ് കമ്മിറ്റി )



**സജ്ന ഹസ്സൻ**
ചെയർപേഴ്സൺ ( ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി)



**ഉഷാ ശശീന്ദ്രൻ**
മെമ്പർ, വാർഡ് – 1



**മുരളീധരൻ.സി**
മെമ്പർ, വാർഡ് – 3



**ധനലക്ഷ്മി**
മെമ്പർ, വാർഡ് – 4



**റാണികൃഷ്ണൻ**
മെമ്പർ, വാർഡ് – 5



**അജിത.എ**
മെമ്പർ, വാർഡ് – 6



**ചെന്താമര**
ചെയർമാൻ, വാർഡ് – 7
( ക്ഷേമകാര്യ സറ്റാന്റിംഗ് കമ്മിറ്റി )



**ജയ**
മെമ്പർ, വാർഡ് – 8



**ഷൈജു.ആർ**
മെമ്പർ, വാർഡ് – 9



**ഗീത**
മെമ്പർ, വാർഡ് – 10



**ഓമന മുരുകൻ**
മെമ്പർ, വാർഡ് – 12



**കെ.വി.കണ്ണൻ**
മെമ്പർ, വാർഡ് – 13



**സുജാത ജയദേവൻ**
മെമ്പർ, വാർഡ് – 15

# പൗരാവകാശ രേഖ

## ജനപക്ഷഭരണ നിർവ്വഹണത്തിന്

ജനാധിപത്യ അധികാരകേന്ദ്രീകരണത്തോടെ ഗ്രാമപഞ്ചായത്തുകളുടെ അധികാരവും ചുമതലകളും വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. ജനങ്ങളോട് ഏറ്റവും അടുത്തു നിൽക്കുന്ന പ്രാദേശിക സർക്കാർ എന്ന നിലയിൽ, ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട ഒട്ടേറെ കാര്യങ്ങൾക്കായി ജനങ്ങൾ നിരന്തരം ഗ്രാമപഞ്ചായത്തിനെ സമീപിക്കുന്നുണ്ട്. ഭരണനിർവ്വഹണം കാര്യക്ഷമവും ജനപക്ഷ വുമാക്കുന്നതിനും സമബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഈ പഞ്ചായത്തും ബാധ്യ സ്ഥമാണ്.

ഭരണനടപടികളിൽ വിവേചനാധികാരസാധ്യത കുറയ്ക്കുംവിധം നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തി കൃത്യത വരുത്തുക, തെറ്റുകളും ക്രമകേടുകളും ചോദ്യം ചെയ്യാൻ സംവിധാനം ഉണ്ടാക്കുക എന്നിവ ഭരണം അഴിമതിരഹിതമാക്കുന്നതിന് സഹായിക്കുന്നതാണ്. സദ്ഭരണപ്രവർത്തനങ്ങൾ മെച്ച പ്പെടുത്തുന്നതിനും ജനങ്ങളാൽ അധികരിക്കപ്പെടുന്നതിനും ജനകീയ വിദ്യാഭ്യാസവും പങ്കാളിത്ത സംവിധാനവും അനിവാര്യമാണ്. സേവന പ്രദാനം സംബന്ധിച്ച ജനകീയ വിദ്യാഭ്യാസത്തിനുള്ള ഒരു ഉപാധിയാണ് പൗരാവകാശ രേഖ.

ഈ പഞ്ചായത്ത് നൽകുന്ന സേവനങ്ങൾ അവയുടെ വ്യവസ്ഥകൾ, അവ ലഭിക്കുന്ന സമയപരിധി എന്നിവ ജനങ്ങൾക്ക് വെളിപ്പെടുത്തുന്ന നയ സമീപന സേവന അവകാശ രേഖയാണ് ഈ പഞ്ചായത്തിന്റെ പൗരാവകാശരേഖ പ്രയോചനപ്പെടുത്തുവാൻ പൊതുജനങ്ങളോടും ഉദ്യോഗസ്ഥരോടും അഭ്യർത്ഥിക്കുന്നു.

മേലാർക്കോട്

01.08.2022

എന്ന്

**ടി വത്സല**

പ്രസിഡന്റ്

# ഫ്രണ്ട് ഓഫീസ് സംവിധാനം

പൊതുജനങ്ങൾക്ക് സങ്കീർണതകളില്ലാത്ത സേവനം ലഭ്യമാക്കുന്നതിനും ജീവനക്കാർക്ക് കാര്യക്ഷമമായി ജോലി ചെയ്യുന്നതിനും അനുയോജ്യമായവിധം ഫ്രണ്ട് സംവിധാനം മേലാർക്കോട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. അപോക്ഷകർക്ക് ഫ്രണ്ട് ഓഫീസിൽ നിശ്ചിത സമയത്ത് അപോക്ഷ നൽകാനും സേവനം ലഭ്യമാക്കാനും ഈ പൗരാവകാശരേഖയിലൂടെ പഞ്ചായത്ത് ഉറപ്പ് വരുത്തുന്നു.

- എല്ലാ അപേക്ഷകളും ഫ്രണ്ട് ഓഫീസിലാണ് സ്വീകരിക്കുക.
- അപേക്ഷ നൽകിയാൽ ആയതിന് രശീതി നൽകുന്നതാണ്.
- രശീതിയിൽ സേവനം ലഭ്യാമാക്കുന്ന തിയ്യതി കാണിച്ചിരിക്കും.
- ഫ്രണ്ട് ഓഫീസിൽ നിന്നു തന്നെ സേവനം ലഭിക്കുന്നതാണ്.
- സേവനം കൈപ്പറ്റുന്നതിനോ തുടർനടപടികൾ അറിയുന്നതിനോ
- സമീപിക്കുമ്പോൾ നിർബന്ധമായും രശീതി ഹാജരാക്കേണ്ടതാണ്.
- വസ്തു നികുതി ഓൺലൈനായി അടയ്ക്കാം ( www.sanchaya.isgkeralagov.in)
- ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഓൺലൈൻ ( www.sanchaya.isgkeralagov.in)
- ജനനമരണ വിവാഹ സർട്ടിഫിക്കറ്റ് ഓൺലാൻ ( www.isgkeralagov.in) Civil Registration

ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെ സേവനം നൽകുന്നതിന്മേലുള്ള പദ്ധതി പരിഹാരത്തിന് മോണിറ്റിംഗ് സമിതിയെ സമീപിക്കാവുന്നതാണ്. പഞ്ചായത്ത് വൈസ് പ്രസിഡന്റ് സമിതിയുടെ ചെയർമാനും ഹെഡ് ക്ലാർക്ക് കൺവീനറുമാണ്.

# മേലാർക്കോട് ഗ്രാമപഞ്ചായത്ത്

# പൗരാവകാശരേഖ 2022

**1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 272 എ വകുപ്പ് പ്രാകരം പ്രസിദ്ധപ്പെടുത്തുന്നത്. മുതൽ പ്രാബല്യത്തിലുള്ളത്.**

**1994 ലെ കേരള പഞ്ചായത്ത്രാജ് ആക്ട് പ്രകാരം രൂപവൽകൃതമായ 2022 ലെ പൗരാവകാശ രേഖ താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാക്കുന്നതാണ് എന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.**

| ക്രമ നം | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരം | അപോക്ഷിക്കേണ്ട വിധം | നിബന്ധനകൾ | അടക്കേണ്ട ഫീസ് | സേവനം ലഭ്യമാക്കുന്ന സമയ പരിധി | പരാതി പരിഹാര സംവിധാനം |
|---|---|---|---|---|---|---|
| 1 | ജനനം & മരണം രജിസ്ട്രേഷൻ | ജനന റിപ്പോർട്ട് ഫോറം(1), മരണ റിപ്പോർട്ട് ഫോറം(1) പൂരിപ്പിച്ച് നൽകണം | 1. ജനന മരണം ഈ പഞ്ചായത്ത് പ്രദേശത്ത് വെച്ച് നടത്തണതായിരിക്കണം .<br>2. വീട്ടിലെ മുതിർന്ന അംഗം ഫോം പൂരിപ്പിച്ച് നൽകണം<br>3. സ്ഥാനപത്തിൽ വെച്ച് നടക്കുന്ന ജനന മരണത്തിന് സ്ഥാപനമേധവി റിപ്പോർട്ട് മേലൊപ്പ് വയ്ക്കണം<br>4. പൊതു സ്ഥലത്ത് വെച്ചുള്ള അസ്വാഭിവ മരണ മാണെങ്കിൽ പോലീസ് ഓഫീസർ മേലൊപ്പ് വയ്ക്കണം | 21 ദിവസം വരെ ഇല്ല 21 ദിവസം കഴിഞ്ഞ് 30 ദിവസം വരെ 2 രൂപ | 10 ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 2 | ജനനം/മരണം താമസിച്ച് രജിസ്റ്റർ ചെയ്യൽ | 1. താമസിച്ചതിന് കാരണം കാണിച്ചുകൊണ്ട് വെള്ളക്കടലാസിലുള്ള അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത്.<br>2. ജനന മരണ റിപ്പോർട്ട് നിർദ്ദിഷ്ട ഫോറത്തിൽ രണ്ട് കോപ്പി.<br>3. ഗസറ്റഡ് ഓഫീസർ മുമ്പാകെ ഒപ്പിട്ട് സത്യവാങ്മൂലം. | 1. മുപ്പത് ദിവസത്തിനുള്ളിൽ ഒരു വർഷം വരെ ജില്ലാ ജനന മരണ രജിസ്ട്രാർക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് സെക്രട്ടറി മുഖേന അപേക്ഷ നൽകണം<br>3. ഒരു വർഷത്തിന് മേൽ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ നൽകണം<br>3. പഞ്ചായത്തിൽ നിന്നും മോൺ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നേരിട്ട് അപേക്ഷ സമർപ്പിച്ചാൽ മതി | 30 ദിവസത്തിന് ശേഷം 1 വർഷം വരെ 5 രൂപ 1 വർഷത്തിന് ശേഷം 10 രൂപ | ബന്ധപ്പെട്ട അധികാരിയുടെ അനുമതി ലഭിക്കുന്ന മുറക്ക് ലേറ്റ് ഫീ അടച്ച് ശേഷം 7 പ്രവർത്തി ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |

| | | | | | | |
|---|---|---|---|---|---|---|
| 3 | ജനനമരണ സർട്ടിഫിക്കറ്റുകൾ<br>എ) സൗജന്യ സർട്ടിഫിക്കറ്റ് | പ്രത്യേകം അപേക്ഷിക്കേണ്ടതില്ല | 1. യഥാസമയം (21 ദിവസത്തിനകം) റിപ്പോർട്ട് ചെയ്യുന്ന ജനന മരണങ്ങൾക്ക് മാത്രം<br>2. ഒരു തവണ മാത്രമേ സൗജന്യ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ<br>3. രജിസ്റ്റർ ചെയ്ത് 30 ദിവസത്തിനകം ഓഫീസിൽ നിന്നും കൈപ്പറ്റണം<br>4. www.lsgkeralagov.in-Civil Registration ൽ നിന്നും ഓൺലൈൻ വഴി സർട്ടിഫിക്കറ്റ് ലഭിക്കും | ഇല്ല | 7 ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| | ജനന/മരണ സർട്ടിഫിക്കറ്റ് ബി 17ാം വകുപ്പ് പ്രകാരമുള്ളത് | നിർദ്ദിഷ്ട ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് | 1. അപേക്ഷകന്റം പേരിൽ വാങ്ങിയ 50 രൂപയുടെ മുദ്ര പത്രം ഹാജരാക്കണം<br>2. www.lsgkeralagov.in-Civil Registration ൽ നിന്നും ഓൺലൈൻ വഴി സർട്ടിഫിക്കറ്റ് ലഭിക്കും | തിരച്ചിൽ ഫീസ് 1 വർഷത്തേക്ക് 2 രൂപ പകർപ്പ് ഫീസ് 5 രൂപ | 7 പ്രവൃത്തി ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 4 | ജനന മരണം രജിസ്റ്റർ ചെയ്തിട്ടില്ലെന്ന സാക്ഷ്യപത്രം | നിർദ്ദിഷ്ട ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് | 1. ജനനം നടന്ന വർഷം സ്ഥലം എന്നിവ അപേക്ഷയിൽ കാണിച്ചിരിക്കണം<br>2. ജനനം മരണം നടന്നതിന്റെ തെളിവ് ഹാരജാക്കണം | തിരച്ചിൽ ഫീസ് 1 വർഷത്തേക്ക് 2 രൂപ സർട്ടിഫിക്കറ്റ് ഫീസ് 5 രൂപ | 30 ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 5 | ജനന രജിസ്റ്ററിൽ പേര് ചേർക്കൽ ജനന തിയ്യതിയിലും സ്കൂൾ രേഖയിലെ ജനന തിയ്യതിയും തമ്മിൽ 10 മാസത്തിൽ കൂടുതൽ വ്യത്യാസമുണ്ടെങ്കിൽ | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷ | 1. അപേക്ഷയിൽ കുട്ടിയുടെ മാതാപിതാക്കൾ ഒപ്പിട്ടിരിക്കണം( ഇവർ രണ്ട് പേരും ജീവിച്ചിരിപ്പി ല്ലെങ്കിൽ രക്ഷിതാവിന് ഒപ്പിടാം )<br>2. പേര് ഇംഗ്ലീഷിലും, മലയാളത്തിലും രേഖപ്പെടുത്തണം<br>3. മാതാപിതാക്കളുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ്. അപേക്ഷ തിയതിയിൽ കുട്ടിയുടെ പ്രായം 6 വയസ്സ് പൂർത്തിയാണെങ്കിൽ കുട്ടി പഠിക്കുന്ന സ്കൂളിലെ ഹെഡ്മാസ്റ്ററിൽ നിന്നുള്ള സ്കൂൾ രേഖയിലെ പേരും മാതാപിതാക്കളുടെ പേരും ജനന തിയ്യതിയും കാണിക്കുന്ന സർട്ടിഫിക്കറ്റും ഹാജരാക്കണം.<br>4. ജില്ലാ രജിസ്ട്രാർക്കുള്ള അപേക്ഷ, ജനന ക്രമം കാണിക്കുന്ന സത്യവാങ്മൂലം, ജനനക്രമത്തിൽ കാണിച്ചിട്ടുള്ള കുട്ടികളുടെ ജനനതിയ്യതി വയസ് തെളിയിക്കുന്നതിന് സ്കൂൾ അധികാരിയുടെ സാക്ഷ്യപത്രം, കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് സ്കൂൾ രേഖ ആശുപത്രി രേഖ റേഷൻകാർഡ് ഏതെങ്കിലും ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് | തിരച്ചിൽ ഫീസ് 1 വർഷത്തേക്ക് 2 രൂപ പേര് ചേർക്കൽ ഫീസ് 5 രൂപ | ബന്ധപ്പെട്ട അധികാരിയുടെ അനുമതി ലഭിച്ച 7 പ്രവൃത്തി ദിവസം | 1. 7 ദിവസം<br>2. പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |

| | | | | | | |
|---|---|---|---|---|---|---|
| 6 | ജനന/മരണ രജിസ്റ്ററിൽ തിരുത്തൽ വരുത്തൽ | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷ ( ജനനം/മരണം നടന്ന സ്ഥാപനം മുഖനേ ) | 1. അപേക്ഷ<br>2. വില്ലേജ് ഓഫീസിൽ നൽകുന്ന സാക്ഷയപത്രം<br>3. പ്രസ്തുത വിവരം റജപ്പോർട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും തിരുത്തൽ സർട്ടിഫിക്കറ്റ്<br>4. വിശ്വസനീയരായ 2 വ്യക്തികളുടെ സത്യപ്രസ്ഥവന<br>5. മുമ്പ് കൈപ്പറ്റിയ അസ്സൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം നൽകണം.<br>6. തിരിച്ചിയൽ രേഖ<br>7 തിരുത്തൽ വരുത്തുന്നതിന് ആവശ്യമായ ആധികാരിക രേഖ | ഇല്ല | 7 ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 7 | വിവാഹ രജിസ്ട്രേഷൻ പൊതു വിവാഹചട്ടം | നിർദ്ദിഷ്ട ഫോറത്തിൽ വധൂവരൻമാർ, മാതാപിതാക്കൾ രക്ഷിതാക്കൾ, സാക്ഷികൾ എന്നിവർ ഒപ്പിട്ട റിപ്പോർട്ട് അക്ഷയ കേന്ദ്രം വഴി ഓൺലൈനായി സർപ്പിക്കണം | 1. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നടന്ന വിവിഹാങ്ങൾ മാത്രം<br>2. 45 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണം<br>3. 45 ദിവസം കഴിഞ്ഞ് അഞ്ച് വർഷം വരെ കാലതമസം ഒഴിവാക്കി കിട്ടുന്നതിനുള്ള പ്രത്യേക അപേക്ഷ കൂടെ വേണം<br>4. പുനർ വിവാഹമാണെങ്കിൽ ആദ്യത്തെ ഭർത്താവ് / ഭാര്യയുടെ മരണ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ വിവാഹബന്ധം വേർപ്പെടുത്തിയതിനുള്ള കോടതി രേഖ<br>5. വധൂവരൻമാരുടെ വയസ്സ് തെളിയിക്കുന്നതിനുള്ള രേഖ<br>6. ഫോറം 2യ മതസ്ഥാപനങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രം<br>7. പാസ്പോർട്ട് സൈസ് ഫോട്ടോ 1 സെറ്റ്<br>8. 5 വർഷം കഴിഞ്ഞാൽ ജില്ലാ രജിസ്ട്രാർക്ക് ( പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ) കാലതാമസം മാപ്പാക്കി രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷ നൽകണം ഇതിൽ അനുമതി ലഭിച്ച ശേഷം മാത്രമേ രജിസ്റ്റർ ചെയ്യുകയുള്ളൂ. | രജിസ്ട്രേഷൻ ഫീസ് 100 രൂപ (ലേറ്റ് ഫീ ) ബി. പി. എൽ/ എ. പി. എൽ/ എസ് ടി 10 രൂപ<br><br>45 ദിവസം കഴിഞ്ഞാൽ പിഴ 100 രൂപ<br><br>അഞ്ചു വർഷം കഴിഞ്ഞാൽ പിഴ 250 രൂപ | 10 പ്രവൃത്തി ദിവസം | |
| 8 | വിവാഹ സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷ | നിർദ്ദിഷ്ട മാതൃകയിൽ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. | 20 രൂപ അധിക സർട്ടിഫിക്കറ്റിന് 25 രൂപ | 7 പ്രവൃത്തി ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |

| | | | | | | |
|---|---|---|---|---|---|---|
| 9 | കെട്ടിട നിർമ്മാണ പെർമിറ്റ് എ $60m^2$ വരെയുള്ള കെട്ടിടങ്ങൾ | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ള കടലാസിലുള്ള അപേക്ഷ | വെള്ള കടലാസിൽ വരച്ച് ചുറ്റളവു കാണിക്കുന്ന സൈറ്റ് പ്ലാനിന്റെ 2 കോപ്പി, ആധാരത്തിന്റെ പകർപ്പ്, വില്ലേജിൽ നിന്നുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ്, നികുതി രശീതി പകർപ്പ് എന്നിവയും നിർമ്മാണം നടത്തുന്ന സ്ഥലം നില മാണെങ്കിൽ കെ എൽ യു അനുമതിയും ഹാജരാക്കണം | ചുറ്റളവ് അനുസരിച്ച് നിശ്ചിത തുക | 15 ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 10 | ബി $60m^2$ ന് മുകളിലുള്ള കെട്ടിടങ്ങൾ | 5 രൂപ കോർട്ടി ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷിക്കണം അപേക്ഷ ഫോറം 22 രൂപ | ആധാരത്തിന്റെ പകർപ്പ് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ബ്ലൂ പ്രിന്റ് പ്ലാൻ 3 കോപ്പി , (ബിൽഡിംഗ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ, സൈറ്റ് പ്ലാൻ, സെക്ഷൻ , എലിവേഷൻ, സ്പെസിഫിക്കേഷൻ, സർവ്വീസ് പ്ലാൻ സഹിതം) കൈവശസർട്ടിഫിക്കറ്റ്, നികുതി രശീത് പകർപ്പ് എന്നിവയും സ്ഥലം നില മാണെങ്കിൽ കെ എൽ യു. അനുമതിയും ഹാജരാക്കേണ്ടതാണ്. നിർമ്മാണം നടത്തുവാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ അതിരുകളിൽ സർക്കാർ ഭൂമിയുണ്ടെങ്കിൽ വില്ലേജ് ഓഫീസിൽ നിന്നുള്ള ലൊക്കേഷൻ മാപ്പും വേണം. അപേക്ഷ സഹിതം സോഫ്റ്റ് വെയർവഴി സമർപ്പിക്കണം. | ചുറ്റളവ് അനുസരിച്ച് നിശ്ചിത തുക | 15 ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 11 | പെർമിറ്റ് കൈമാറ്റം ചെയ്യുന്നതിന് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ള കടലാസിലുള്ള അപേക്ഷ | ലഭിച്ച പെർമിറ്റിന്റെ അസ്സൽ സ്ഥലം കൈമാറ്റം ചെയ്ത ആധആരത്തിന്റം പകർപ്പ് കൈവശം സർട്ടിഫിക്കറ്റ് അംഗീകരിച്ച പ്ലാൻ എന്നിവ ഹാജരാക്കണം. | 25 രൂപ | 7 ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 12 | പെർമിറ്റ് പുതുക്കൽ | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസിലുള്ള അപേക്ഷ, ലഭിച്ച പെർമിറ്റിന്റെ അസ്സൽ, പ്ലാൻ | കാലാവിധി അവസാനിക്കുന്നതിന് മുമ്പോ ഒരു വർഷത്തിനുള്ളിലോ അപേക്ഷ സമർപ്പിക്കണം | ചട്ടപ്രകാരം | 7 ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 13 | കെട്ടിടങ്ങൾക്ക് നമ്പർ നൽകി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് താമസ ക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസിലുള്ള അപേക്ഷ, നിർദ്ദിഷ്ട ഫോറത്തിലുള്ള റിട്ടേൺ (ഫറം സൗജന്യമായി ലഭിക്കും) | പെർമിറ്റിന്റെ പകർപ്പ് കംപ്ലിഷൻ പ്ലാനിന്റെ ബ്ലൂ പ്രിന്റ് ഹാജരാക്കണം, അംഗീകരിച്ച പ്ലാനിൽ നിന്നും വ്യതിചലിച്ച നിർമ്മാണമെങ്കിൽ ഡീവിയേഷൻ പ്ലാൻ കൂടി നൽകണം. അപേക്ഷ സങ്കേതം സോഫ്റ്റ് വെയർ വഴി സമർപ്പിക്കണം. | ഇല്ല (വസ്തു നികുതി അടയ്ക്കണം) | 7 ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 13 | താമസക്കാര നാണെന്നുള്ള സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസിലുള്ള അപേക്ഷ | 1. അസസ്മെന്റ് രജിസ്റ്റർ പ്രകാരം അനുഭവക്കാരനായിരിക്കണം.<br>2. അല്ലാത്തപക്ഷം കെട്ടിട ഉടമയുടെ സമ്മതപത്രം ഹാജരാക്കണം. | ഇല്ല | 1. അന്നേ ദിവസം<br>2. അന്വേഷണം ആവശ്യമുള്ളതിന് ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |

| | | | | | | |
|---|---|---|---|---|---|---|
| 14 | കെട്ടിട ഉടമ സ്ഥാവകാശങ്ങൾ മാറ്റം മരുത്തൽ | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ള ക്കടലാസിലുള്ള അപേക്ഷ | 1. അപേക്ഷയിൽ കെട്ടിട നമ്പർ കാണിച്ചിരിക്കണം<br>2. കൈമാറിയതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>3. നിലവിലുള്ള ഉടമയുടെ നിരാക്ഷേപ പത്രം<br>4. മരണപ്പെട്ടുപോയതാണെങ്കിൽ സർട്ടിഫിക്കറ്റ് അനന്തരാവകാശ സർട്ടിഫിക്കറ്റ്<br>5. മുൻ ഉടമസ്ഥന്റെ സമ്മതപത്രം ഫോറം 50 ൽ സബ്രജിസ്ട്രാർ നൽകുന്ന സാക്ഷ്യപത്രം<br>6. വില്ലേജിൻ നിന്നുള്ള കൈവശം രേഖ നികുതി അടച്ച് രശീതി | ഇല്ല | 45 പ്രവൃത്തി ദിവസം (മുൻ ഉടമസ്ഥന്റെ സമ്മതപത്രം ഉണ്ടെങ്കിൽ 15 ദിവസം) | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 15 | വസ്തു നികുതി അപ്പീൽ ഹർജി | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസിലുള്ള ഹർജി ( ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ) | 1. ചുമത്തി അറിയിപ്പ് ലഭിച്ച് 30 ദിവസത്തിനകം അപേക്ഷ സമർപ്പിക്കണം<br>2. ചുമത്തിയ നികുതി അടച്ചിരിക്കണം | | 30 ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 16 | കെട്ടിട നികുതി വസ്തു നികുതി ഒഴിവാക്കാൻ | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസിലുള്ള അപേക്ഷ | 1. കെട്ടിടം പൂർണ്ണമായും പൊളിഞ്ഞിരിക്കണം<br>2. അപേക്ഷ തിയതി വരെയുള്ള നികുതി മുഴുവൻ അടച്ചു തീർത്തിരിക്കണം<br>3. $60m^2$ താഴെ വിസ്തീർണ്ണമുള്ള വീടുകൾ | | | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 17 | വേക്കൻസി റെമിഷൻ അപേക്ഷ | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസിലുള്ള അപേക്ഷ | 1. അപേക്ഷയിൽ കെട്ടിട നമ്പർ കാണിച്ചിരിക്കണം<br>2. ഓരോ അർദ്ധവർഷത്തേക്കും പ്രത്യേക അപേക്ഷ നൽകണം<br>3. അർദ്ധവർഷത്തിൽ 60 ദിവസത്തിലധികം ഒഴിഞ്ഞു കിടക്കുന്ന കെട്ടിടമായിക്കണം<br>4. അപേക്ഷ ലഭിച്ച തിയ്യതി മുതൽ മാത്രമേ ഇളവ് നൽകുകയുള്ളൂ<br>5. അപേക്ഷിക്കുന്നതിന് അർദ്ധവർഷാവസാന വരെയുള്ള മുഴുവൻ നികുതിയും അടച്ചിരിക്കണം | | അർദ്ധ വർഷത്തിന്റെ അവസാന മാസം അതായത് സെപ്തംമ്പർ മാർച്ച് മാസങ്ങളിൽ | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 17 | ഫാക്ടറികൾ, വ്യാപാ ങ്ങൾ, സംരംഭങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി നൽ കുന്ന ലൈസൻസ് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷിക്കണം | 1. കൈവശാവകാശം തെളിയിക്കുന്നതിനുള്ള രേഖ ഹാജരാക്കണം<br>2. 30 ദിവസം മുമ്പ് അപേക്ഷ നൽകണം<br>3. മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സംവിധാനം ഉണ്ട് എന്ന സ്ത്യവാങ്മൂലം, സാനിറ്ററി സർട്ടിഫിക്കറ്റ് | ദിവസ വിറ്റുവരവിന്റെ അടിസ്ഥാന ത്തിൽ | മറ്റു ക്ലിയറൻസ് ആവശ്യമില്ലാ ത്തതിന് 15 ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |

| | | | | | | |
|---|---|---|---|---|---|---|
| 19 | ഫാക്ടറികൾ<br>1. മിഷനറി സ്ഥാപിക്കുന്നതിന് | 1. നിർദ്ദിഷ്ട ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>2. കെട്ടിട പ്ലാൻ, സൈറ്റ് പ്ലാൻ<br>3. ഉടമസ്ഥതാ രേഖയുടെ പകർപ്പ് | 1. 100 മീറ്റർ ചുറ്റളവിലുള്ള കെട്ടിടങ്ങൾ മുതലായവ കാണിക്കുന്ന സൈറ്റ് പ്ലാൻ<br>2 ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് അപേക്ഷിക്കണം<br>3. കെട്ടിടം ഫാക്ടറി പ്രവർത്തിപ്പുക്കുന്നതിന് അനുയോജ്യമായിരിക്കണം. കെട്ടിടത്തിൽ സ്ഥാപിക്കുന്ന യന്ത്രങ്ങൾ രേഖപ്പെടുത്തിയിരിക്കണം.<br>4. വാടകയ്ക്ക് ആണെങ്കിൽ വാടക ചീട്ടന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് | കുതിര ശക്തി കണക്കാക്കി നിശ്ചിത നിരക്ക് | മറ്റു ക്ലിയറൻസ് ആവശ്യമില്ലാത്തതിന് 15 ദിവസം ക്ലിയറൻ ആവശ്യമുള്ളതിന് ലഭിക്കുന്ന മുറക്ക് | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| | റണ്ണിംഗ് ലൈസൻസ് | നിർദ്ദിഷ്ട ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ | പഞ്ചായത്ത് നൽകിയ അനുമതി ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിരിക്കണം. | കുതിര ശക്തി കണക്കാക്കി | മറ്റു ക്ലിയറൻസ് ആവശ്യമില്ലാത്തതിന് 15 ദിവസം ക്ലിയറൻ ആവശ്യമുള്ളതിന് ലഭിക്കുന്ന മുറക്ക് | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 20 | വിവരാവകാശ നിയമം 2005 പ്രകാരം വിവരം റെക്കോർഡുകളുടെ പകർപ്പ് ലഭിക്കുന്നതിന് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസിലുള്ള അപേക്ഷ | 1. പേരും മേൽവിലാസവും വ്യക്തവും പൂർണ്ണവും ആയിരിക്കണം.<br>2. ആവശ്യപ്പെടുന്ന വിവരം വ്യക്തമാകുന്ന വിധം അപേക്ഷ തയ്യാറാക്കണം<br>3. ബോർഡിൽ പ്രദർശിപ്പിച്ച സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ / സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷ നൽകണം | പഴക്കമുള്ള രേഖകൾ തിരയുന്നതിന് യഥാർത്ഥ തിരച്ചിൽ ചെലവ്, പകർപ്പ് എ4 സൈസ് 2 രൂപ നിരക്കിൽ | 30 ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 21 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | നിർദ്ദിഷ്ട ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ | 1. ഉടമസ്ഥാവകാശം, കൈവശാവകാശം തെളിയിക്കുന്നതിനുള്ള രേഖ ഹാജരാക്കണം.<br>2. കെട്ടിടനിർമ്മാണ ചട്ടപ്രകാരമുള്ള കെട്ടിടമായിരിക്കണം.<br>3. കെട്ടിടം സ്വന്തമല്ല എങ്കിൽ വാടക കരാറിന്റെ പകർപ്പ് ഹാജരാക്കണം. | രജിസ്ട്രേഷൻ 200 രൂപ പുതുക്കൽ 50 രൂപ | 15 ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |

| | | | | | | |
|---|---|---|---|---|---|---|
| 22 | സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ | നിർദ്ദിഷ്ട ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ | 1 ഉടമസ്ഥാവകാശം, കൈവശാവകാശം തെളിയിക്കുന്നതിനുള്ള രേഖ ഹാജരാക്കണം<br>2. കെട്ടിട നിർമ്മാണം ചട്ടങ്ങൾക്ക് അനുസൃതമായിരിക്കണം<br>3. മതിയായ സാനിറ്ററി സൗകര്യം ഏർപ്പെടുത്തണം.<br>4. മാലിന്യ സംസ്കാരണത്തിന് തൃപ്തികരമായ സംവിധാനം വേണം | രജിസ്ട്രേഷൻ 200 രൂപ പുതുക്കൽ 50 രൂപ | 15 ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 23 | നായ വളർത്തൽ ലൈസൻസ് | നിർദ്ദിഷ്ട ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ | 1. നായകൾക്ക് പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവെപ്പ് നടത്തിയതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം.<br>2. മൃഗങ്ങളെ വളർത്തുന്നതിന് വൃത്തിയും ശുചിത്വവുമുള്ള സംവിധാനം ഒരുക്കണം | ഒരു മൃഗത്തിന് 10 രൂപ | 15 ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 24 | നിലവിൽ റേഷൻ കാർഡ് ഇല്ലെന്ന സർട്ടിഫിക്കറ്റ് | പ്രസിഡന്റിന് വെള്ളക്കടലാസിൽ അപേക്ഷ നൽകണം | 1. അപേക്ഷയിൽ പൂർണ്ണ മേൽവിലാസം, ഇതിന് മുമ്പത്തെ താമ,സ്ഥലം സംബന്ഢിച്ച വിവരം എന്നിവ ഉണ്ടായിരിക്കണം<br>2. വാർഡ് മെമ്പറിന്റെ കത്ത് ഹാജരാക്കണം | | അതേ ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 25 | വാസയോഗ്യമായ വീടില്ലെന്ന സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷ | 1. സർട്ടിഫിക്കറ്റ് എന്താവശ്യത്തിനാണ് കാണിച്ചിരിക്കുന്നത്<br>2. നിലവിൽ താമസം സംബന്ധിച്ച് അപേക്ഷയിൽ വ്യക്തമാക്കണം ( കെട്ടിട നമ്പർ ) | | 3 പ്രവൃത്തി ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 26 | പട്ടികജാതി വിവാഹ ധനസഹായം | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ ഒരു മാസം മുമ്പ് സമർപ്പിക്കണം | 1. വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കവിയരുത്<br>2. വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, വിവാഹം നടത്തുവാൻ നിശ്ചയിച്ച തിയ്യതി വ്യക്തമാക്കുന്ന രേഖ എന്നിവ ഹാജരാക്കണം ( പദ്ധതി ഏറ്റെടുത്തിട്ടുണ്ടെങ്കിൽ ഫണ്ട് ലഭിച്ചിൽ മാത്രം ) | | വാർഷിക പദ്ധതി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |

| | | | | | | |
|---|---|---|---|---|---|---|
| 27 | സാമൂഹ്യ സുരക്ഷിതത്വ പദ്ധതികൾ ദേശിയ വാർദ്ധക്യകാല പെൻഷൻ | 1. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ (1 പകർപ്പി)<br>2. പ്രായം തെളിയിക്കുന്നതിമുള്ള സർട്ടിഫിക്കറ്റ്<br>3. റേഷൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>4. വരുമാന സർട്ടിറിക്കറ്റ്<br>5. ഇലക്ടൽ ഐഡി കാർഡിന്റെ പകർപ്പ്<br>6. ആധാർകാർഡ് പകർപ്പ്<br>7. ബാങ്ക് പാസ് പുസ്തകത്തിന്റെ പകർപ്പ് | 1. പ്രായം 60 വയസ്സിന് മുകളിലായിരിക്കമം<br>2. കഴിഞ്ഞ 3 വർഷമായി സംസ്ഥാനത്ത് തുടർച്ചയായി താമസിക്കുന്ന ആളായിരിക്കണം<br>3. കുടുംബവാർഷി വരുമാനം 100000 രൂപയിൽ കൂടരുത്<br>4. അക്ഷയ സെന്റർ മുഖേന ഓൺലൈനായി സമർപ്പിക്കണം | ഇല്ല | അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം തീർപ്പ് കല്പ്പിക്കുന്നതും അർഹരായവർക്ക് ഡി. ബി. റ്റി സെന്ററിൽ നിന്നും പണം അനുവദിക്കുന്ന മുറയ്ക്ക് അക്കൗണ്ടിലേക്ക് ലഭിക്കുന്നതാണ്. | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 28 | അവിവാഹതരായുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ ( 1 പകർപ്പ് )<br>2. അവിവാഹിതയാണെന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം<br>3. വരുമാന സർട്ടിഫിക്കറ്റ്<br>4. റേഷൻകാർഡിന്റെ പകർപ്പ്<br>5. ഇലക്ടറൽ ഐ. ഡി കാർഡിന്റെ പകർപ്പ്<br>6. ആധാർകാർഡിന്റെ പകർപ്പ്<br>7. ബാങ്ക് പാസ് പുസ്തകത്തിന്റെ പകർപ്പ് | 1. കേരള സംസ്ഥാനത്ത് സ്ഥിര താമസക്കാരിയായിരിക്കണം<br>2. പ്രായം 50 വയസ്സിൽ കൂടുതലായിരിക്കണം<br>3. കുടുംബ വാർഷിവരുമാനം 100000 രൂപയിൽ കവിയരുത്<br>4. മറ്റെന്തെങ്കിലും പെൻഷൻ ലഭിക്കുന്നവരാകരുത് ( അക്ഷയസെന്റർ ) | ഇല്ല | അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം തീർപ്പ് കല്പ്പിക്കുന്നതും അർഹരായവർക്ക് ഡി. ബി. റ്റി സെന്ററിൽ നിന്നും പണം അനുവദിക്കുന്ന മുറയ്ക്ക് അക്കൗണ്ടിലേക്ക് ലഭിക്കുന്നതാണ്. | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |

| | | | | | | |
|---|---|---|---|---|---|---|
| 29 | അഗതി പെൻഷൻ വിധവ / വിവാഹ മോചിതർ | 1. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ (1 പകർപ്പി)<br>2. ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് / വിവാഹ വേർപാടിന്റെ രേഖ<br>3. റേഷൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>4. വരുമാന സർട്ടിറിക്കറ്റ്<br>5. ഇലക്ടൽ ഐഡി കാർഡിന്റെ പകർപ്പ്<br>6. ആധാർകാർഡ് പകർപ്പ്<br>7. ബാങ്ക് പാസ് പുസ്തക ത്തിന്റെ പകർപ്പ് | 1. കുടുംബ വാർഷിക വരുമാനം 100000 രൂപയിൽ കവിയരുത്<br>2. സംസ്ഥാനത്ത് തുടർച്ചയായി രണ്ട് വർഷക്കാലം താമസിച്ച് വന്നവരായിരിക്കണം<br>3. പുനർവിവാഹം നടത്തിയാൽ പെൻഷൻ നിറുത്തൽ ചെയ്യുന്നതാണ് ( അക്ഷയ സെന്റർ ) | ഇല്ല | അപേക്ഷ ലഭിച്ച് 45 ദിവസത്തി നകം തീർപ്പ് കല്പ്പിക്കു ന്നതും അർഹ രായവർക്ക് ഡി. ബി. റ്റി സെന്ററിൽ നിന്നും പണം അനുവദിക്കുന്ന മുറയ്ക്ക് അക്കൗണ്ടി ലേക്ക് ലഭിക്കു ന്നതാണ്. | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 30 | ഭിന്നശേഷിക്കാർ ക്കുള്ള പെൻഷൻ (വികലാംഗ പെൻഷൻ ) | 1. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ (1 പകർപ്പി)<br>2. മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്<br>3. റേഷൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>4. ഇലക്ടൽ ഐഡി കാർഡിന്റെ പകർപ്പ്<br>5. ആധാർകാർഡ് പകർപ്പ്<br>6. ബാങ്ക് പാസ് പുസ്തക ത്തിന്റെ പകർപ്പ് | 1. അപേക്ഷകൻ പ്രായപൂർത്തിയാകാത്ത ആളോ മാനസിക വെല്ലുവിളി നേരിടുന്ന ആളോ ആണെങ്കിൽ രക്ഷകർത്താവിന് അപേക്ഷിക്കാം<br>2. സംസ്ഥാനത്ത് തുടർച്ചയായി 2 വർഷക്കാലമായി താമസിച്ചു വരുന്നവരായിരിക്കണം<br>3. കുടുംബ വാർഷിക വരുമാനം 100000 രൂപയിൽ കൂടരുത്<br>4. വികലാംഗത്വം 40 ശതമാനത്തിൽ അധികം ഐക്യു 50 ശതമാനത്തിൽ കുറവുള്ള അന്ധർ ബധിരർ ആയിരിക്കണം<br>5. യാചകവൃത്തി സ്വാഭാവികമായി സ്വീകരിച്ചവരാകരുത്. | ഇല്ല | അപേക്ഷ ലഭിച്ച് 45 ദിവസത്തി നകം തീർപ്പ് കല്പ്പിക്കു ന്നതും അർഹ രായവർക്ക് ഡി. ബി. റ്റി സെന്ററിൽ നിന്നും പണം അനുവദിക്കുന്ന മുറയ്ക്ക് അക്കൗണ്ടി ലേക്ക് ലഭിക്കു ന്നതാണ്. | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |

| | | | | | | |
|---|---|---|---|---|---|---|
| 31 | കർഷക തൊഴിലാളി പെൻഷൻ | 1. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ (1 പകർപ്പി)<br>2. പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്<br>3. റേഷൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>4. വരുമാന സർട്ടിറിക്കറ്റ്<br>5. ഇലക്ടൽ ഐഡി കാർഡിന്റെ പകർപ്പ്<br>6. ആധാർകാർഡ് പകർപ്പ്<br>7. ബാങ്ക് പാസ് പുസ്തകത്തിന്റെ പകർപ്പ് | 1. അപേക്ഷകൻ 60 വയസ്സ് തികഞ്ഞിരിക്കണം<br>2. കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരിക്കണം<br>3. കുടുംബ വാർഷികവരുമാനം 100000 രൂപയിൽ താഴെയായിരിക്കണം<br>4. അപേക്ഷ തിയ്യതിക്ക് തൊട്ട്മുമ്പ് കുറഞ്ഞത് പത്ത് വർഷക്കാലമെങ്കിലും തുടർച്ചയായി കേരള സംസ്ഥാനത്ത് താമസിക്കുന്ന കർഷക തൊഴിലാളി ആയിരിക്കണം. | ഇല്ല | അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം തീർപ്പ് കല്പ്പിക്കുന്നതും അർഹരായവർക്ക് ഡി. ബി. റ്റി സെന്ററിൽ നിന്നും പണം അനുവദിക്കുന്ന മുറയ്ക്ക് അക്കൗണ്ടിലേക്ക് ലഭിക്കുന്നതാണ്. | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 32 | തൊഴിൽ രഹിത വേതനം | 1. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ (2 പകർപ്പി)<br>2. താഴെ പറയുന്നവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>a. SSLC ബുക്ക്<br>b. ട്രാൻസർ സർട്ടിഫിക്കറ്റ്<br>c. റേഷൻ കാർഡ്<br>a. എംപ്ലോയിമെന്റ് രജിസ്റ്റർ കാർഡ് | 1. അപേക്ഷകൻ 21നും 30നും മദ്ധ്യേ പ്രായമുള്ള തൊഴിൽ രഹിതനായിരിക്കണം<br>2. എസ്. എസ്. എൽ. സി. പാസ്സായിരിക്കണം<br>3. വിദ്യാർത്ഥി ആയിരിക്കരുത്<br>4. സ്വന്തമായി പ്രതിമാസം 100 രൂപയിൽ കൂടതൽ വരുമാനമുള്ള ജോലി ഉണ്ടായിരിക്കണം<br>5. കുടുംബ വാർഷിക വരുമാനം 12000 രൂപയിൽ കവിയാൻ പാടില്ല<br>6. എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് തുടർച്ചയായി മൂന്നുവർഷം (വികലാംഗർക്ക് രണ്ടുവർഷം ) തൊഴിലൊന്നും ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവരായിരിക്കണം | ഇല്ല | 45 ദിവസത്തിനകം തീർപ്പ് കല്പ്പിക്കുന്നതും പണം അനുവദിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്. | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 33 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം | 1. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ (2 പകർപ്പി)<br>2. ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്<br>3. വിവാഹിതയാകുന്ന പെൺകുട്ടിയുടെ വയസ്സ് തെളിയിക്കുന്ന രേഖ<br>4. റേഷൻകാർഡിന്റെ പകർപ്പ്<br>5. വിവാഹ നിശ്ചയം സംബന്ധിച്ച രേഖ<br>6. വരന്റെ സാക്ഷ്യപത്രം | 1. വിവാഹ തിയ്യതിക്ക് 30 ദിവസം മുമ്പേ അപേക്ഷിക്കണം<br>2. അപേക്ഷിക്കുന്നതിന് തൊട്ടുമുമ്പ് 3 വർഷക്കാലം സംസ്ഥാനത്ത് സ്ഥിരതാമസമുള്ളവരായിരിക്കണം<br>3. കുടുംബ വാർഷിക വരുമാനം 200000 രൂപയിൽ കവിയരുത്<br>4. അച്ഛനും അമ്മയും ജീവിച്ചിരിപ്പില്ലെങ്കിൽ വിവാഹം നടത്താൻ ചുമതലയുള്ള കുടുംബാംഗത്തിനോ അല്ലെങ്കിൽ വിവാഹിതയാവാൻ പോകുന്ന പെൺകുട്ടിക്ക് സ്വയമോ അപേക്ഷിക്കാം | ഇല്ല | 45 ദിവസത്തിനകം തീർപ്പ് കല്പ്പിക്കുന്നതും പണം അനുവദിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്. | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |

| | | | | | | |
|---|---|---|---|---|---|---|
| 34 | മരണപ്പെട്ട കർഷ തൊഴിലാളി പെൻഷൻകാരുടെ പെൻഷൻ കുടിശ്ശിക അനുവദിക്കൽ | അവകാശികളുടെ വെള്ളക്കടലാസിലുള്ള അപേക്ഷയിൽ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം | 1. മരണം നടന്ന മാസം വരെയുള്ള കുടിശ്ശിക അനുവദിക്കും<br>2. തഹസിൽദാരിൽ നിന്നുള്ള പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കണം<br>3. മരണസർട്ടിഫിക്കറ്റിന്റെ പകർപ്പ്<br>4. ഇലക്ടറൽ ഐ.ഡി. കാർഡിന്റെ പകർപ്പ്<br>5. പെൻഷൻ നമ്പർ അപേക്ഷയിൽ കാണിച്ചിരിക്കണം<br>6. ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് | ഇല്ല | അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം തീർപ്പ് കല്പിക്കുന്നതും അർഹരായവർക്ക് ഡി.ബി.റ്റി സെന്ററിൽ നിന്നും പണം അനുവദിക്കുന്ന മുറയ്ക്ക് അക്കൗണ്ടിലേക്ക് ലഭിക്കുന്നതാണ്. | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 35 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി രജിസ്ട്രേഷൻ | 1. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ<br>2. റേഷൻ കാർഡിന്റെ പകർപ്പ്<br>3. ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിന്റെ പകർപ്പ്<br>4. ഇലക്ടറൽ ഐഡി കാർഡിന്റെ പകർപ്പ്<br>5. ആധാർക്കാർഡിന്റെ പകർപ്പ് | 1. പഞ്ചായത്ത് പ്രദേശത്ത് സ്ഥിര താമസം<br>2. അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധത | ഇല്ല | 14 ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |
| 35 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ | പഞ്ചായത്ത് അതിർത്തിക്കുള്ളിൽ തൊഴിൽ നൽകിയാൽ തൊഴിൽ ചെയ്യാൻ സന്നദ്ധത | ഇല്ല | 14 ദിവസം | പഞ്ചായത്ത് മോണിറ്ററിംഗ് സമിതിക്ക് പരാതി സമർപ്പിക്കാം |

## പൊതു നിബന്ധനകൾ

1. എല്ലാ അപേക്ഷകളും ഫ്രണ്ട് ഓഫീസിൽ മാത്രം സ്വീകരിക്കുന്നതാണ്. അപേക്ഷ പൂർണ്ണമല്ല എങ്കിൽ ആയതു സംബന്ധിച്ച വിവരസഹിതം അപേക്ഷ മടക്കുന്നതാണ്. അപേക്ഷസ്വീകരിച്ചാൽ ഉടനെ രശീതി നൽകുന്നതാണ്. ആയത് ചോദിച്ചു വാങ്ങേണ്ടതാണ്.
2. ഗ്രാമപഞ്ചായത്തിന് നൽകേണ്ടതായ ഏതെങ്കിലും ഫീസോ, നികുതിയോ മറ്റു ബാദ്ധ്യതകളോ ഉള്ള ഏതൊരാൾക്കും ആയത് അടവാക്കുന്നവരെ ലൈസൻസോ അനുവാദമോ നൽകുന്നതല്ല.
3. ഇതിൽ കാണിച്ച സേവനങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.
4. പഞ്ചായത്താഫീസിൽ നിന്നും പൊതുജനങ്ങൾക്ക് സേവനം കാലത്ത് 10 മണി മുതൽ 5 മണിവരെ ലഭിക്കുന്നു.
5. സേവനം ലഭ്യമാക്കുന്നതിള്ള അപേക്ഷകൾ 5 രൂപ കോടതി മുദ്ര പതിച്ച് സമർപ്പിക്കേണ്ടതാണ്.
6. എല്ലാ അപേക്ഷകളിലും ഫോൺ നമ്പർ ഉണ്ടായിരിക്കണം.